"ഭരണഭാഷ-മാതൃഭാഷ"

No.DWCD/2679/2025 ICPS 3

വനിത ശിശുവികസന വകുപ്പ്,
സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി
പൂജപ്പുര,തിരുവനന്തപുരം
തീയതി : 01-08-2025
E-Mail:icpskerala@gmail.com
Phone No.0471–2342235

## വിജ്ഞാപനം

വിഷയം:- വനിത ശിശുവികസന വകുപ്പ്-എസ്സ്.സി.പി.എസ്സ്- ചൈൽഡ് വെൽഫയർ കമ്മിറ്റികളിൽ ചെയർപേഴ്സൺ, അംഗങ്ങൾ എന്നീ ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിയ്ക്കുന്നത് സംബന്ധിച്ച്

സൂചന:- 1. 15.07.2025 തീയതിയിലെ G.O.(P) No.4/2025/WCDD
2. 2015 ലെ ബാലനീതി നിയമവും മാതൃകാ ചട്ടവും.

2015 ലെ ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ട് (അമന്റ്മെന്റ് ആക്ട് 2021) വകുപ്പ് 27, 2016 ലെ ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) മാതൃകാ ചട്ടം 15 (അമന്റ്മെന്റ് 2022) എന്നിവ അടിസ്ഥാനമാക്കി സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമുള്ള ചൈൽഡ് വെൽഫെയർ കമ്മിറ്റികളിൽ 2025 സെപ്റ്റംബർ മാസം പ്രതീക്ഷിക്കുന്ന ഒഴിവുകളിലേക്ക് ഒരു ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർപേഴ്സൺ, നാല് കമ്മിറ്റി അംഗങ്ങൾ എന്നിവരെ വീതം ഓരോ ജില്ലയിലേക്കും തെരഞ്ഞെടുക്കുന്നതിന് അപേക്ഷ ക്ഷണിച്ചു കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

ചൈൽഡ് വെൽഫെയർ കമ്മിറ്റിയിൽ ഒരു ചെയർപേഴ്സണും നാല് അംഗങ്ങളും ഉൾപ്പെടെ അഞ്ച് പേരാണ് ഉണ്ടായിരിക്കേണ്ടത്. അംഗങ്ങളിൽ ഒരാൾ വനിതയും ഒരാൾ കുട്ടികളെ സംബന്ധിക്കുന്ന കാര്യങ്ങളിൽ വൈദഗ്ധ്യമുള്ള ആളുമായിരിക്കണം.

**ഒഴിവുകൾ:-**

സംസ്ഥാനത്തെ 14 ജില്ലകളിലും പ്രവർത്തിക്കുന്ന ചൈൽഡ് വെൽഫയർ കമ്മിറ്റികളിലെ 14 ചെയർപേഴ്സൺ, 56 മെമ്പർമാർ എന്നിവരുടെ ഒഴിവുകൾ.

**യോഗ്യതകൾ: -**

ചൈൽഡ് വെൽഫെയർ കമ്മിറ്റിയിൽ ചെയർപേഴ്സണെയും മെമ്പർമാരെയും തെരഞ്ഞെടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ ഇപ്രകാരമാണ്:

ചൈൽഡ് സൈക്കോളജി/ സൈക്യാട്രി/ നിയമം/ സോഷ്യൽവർക്ക്/ സോഷ്യോളജി/ ഹ്യൂമൻ ഹെൽത്ത്/ വിദ്യാഭ്യസം/ ഹ്യൂമൺ ഡവലപ്പ്മെന്റ്/ സ്പെഷ്യൽ എഡ്യൂക്കേഷൻ ഫോർ ഡിഫ്രൻഡ്ലി ഏബിൽഡ് ചിൽഡ്രൻ എന്നിവയിൽ ഏതെങ്കിലും ഒന്നിലുള്ള ബിരുദവും, കൂടാതെ കുട്ടികളുടെ

ആരോഗ്യം, വിദ്യാഭ്യാസം, ക്ഷേമ പ്രവർത്തനങ്ങൾ എന്നിവയിൽ ഏഴ് വർഷത്തിൽ കുറയാത്ത സജീവമായ പ്രവൃത്തിപരിചയവും.

**അല്ലെങ്കിൽ**

ചൈൽഡ് സൈക്കോളജി/ സൈക്യാട്രി/ നിയമം/ സോഷ്യൽ വർക്ക്/ സോഷ്യോളജി/ ഹ്യൂമൺ ഹെൽത്ത്/ വിദ്യാഭ്യസം/ ഹ്യൂമൻ ഡവലപ്പ്മെൻറ്/സ്പെഷ്യൽ എഡ്യൂക്കേഷൻ ഫോർ ഡിഫ്രൻഡ്ലി ഏബിൽഡ് ചിൽഡ്രൻ എന്നിവയിൽ ഏതെങ്കിലും ഒന്നിലുള്ള ബിരുദത്തോടുകൂടിയുള്ള പ്രാക്ടീസിംഗ് പ്രഫഷണൽ.

**വയസ്സ്:-**

അപേക്ഷകർക്ക് ഈ നോട്ടിഫിക്കേഷൻ തീയതിയിൽ 35 വയസ്സ് പൂർത്തിയായിരിക്കേണ്ടതും 65 വയസ്സ് കവിയാൻ പാടില്ലാത്തതുമാണ്.

**അയോഗ്യതകൾ:-**

ചൈൽഡ് വെൽഫെയർ കമ്മിറ്റിയിലെ ചെയർപേഴ്സണായോ അംഗമായോ തെരഞ്ഞെടുക്കപ്പെടുന്നതിന് താഴെപ്പറയുന്നവരെ പരിഗണിക്കുന്നതല്ല:

1. മനുഷ്യാവകാശങ്ങളോ, കുട്ടികളുടെ അവകാശങ്ങളോ ലംഘിച്ച ചരിത്രമുള്ളവർ;
2. അസാൻമാർഗികമായ കുറ്റകൃത്യങ്ങളിൽ ലഭിച്ച ശിക്ഷ അസ്ഥിരപ്പെടുത്തുകയോ, പൂർണമായും മാപ്പ് നൽകപ്പെടുകയോ ചെയ്യാതെ ശിക്ഷ അനുഭവിക്കേണ്ടിവന്നവർ;
3. കേന്ദ്രസംസ്ഥാന സർക്കാർ സേവനത്തിൽ നിന്നോ, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽനിന്നോ ഒഴിവാക്കുകയോ, പിരിച്ചുവിടുകയോ ചെയ്യപെട്ടവർ;
4. കുട്ടികൾക്കെതിരെ അതിക്രമങ്ങൾ നടത്തിയവർ, കുട്ടികളെ കൊണ്ട് ബാലവേല ചെയ്യിച്ചവർ, മനുഷ്യാവകാശ ലംഘനങ്ങൾ, സദാചാര വിരുദ്ധ പ്രവർത്തനങ്ങൾ എന്നിവയിൽ ഏർപ്പെട്ടിട്ടുള്ളവർ;
5. ബാലനീതി നിയമം ബാധകമായ ചൈൽഡ് കെയർ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്ന പദവി വഹിക്കുന്നവർ;
6. വിദേശ സംഭാവന സ്വീകരിക്കുന്ന സ്ഥാപനവുമായി ബന്ധപ്പെട്ട വ്യക്തി;
7. കമ്മിറ്റിയുടെ ചെയർപേഴ്സൺ അല്ലെങ്കിൽ അംഗം എന്ന നിലയിൽ തങ്ങളുടെ കർത്തവ്യ നിർവഹണത്തിന് വൈരുദ്ധ്യമുണ്ടാകാനിടയുള്ള പ്രവർത്തനങ്ങൾ നടത്തുന്ന ഏതെങ്കിലും സംഘടനയിലോ, നിയമം നടപ്പിലാക്കുന്നതിൽ പ്രവർത്തിക്കുന്ന സർക്കാരിതര സംഘടനയിലോ പ്രവർത്തിക്കുന്നവർ;
8. ബാലനീതി മാതൃകാ ചട്ടം 15 ഉപച്ചട്ടം 4(C) യുടെ വിശദീകരണത്തിൽ നിർവചിച്ചിട്ടുള്ളവർ;

**കാലാവധി:**

ചൈൽഡ് വെൽഫെയർ കമ്മിറ്റിയിൽ നിയമിതരാകുന്ന അംഗങ്ങളുടെ നിയമനകാലാവധി നിയമിക്കപ്പെടുന്ന തീയതി മുതൽ പരമാവധി മൂന്നു വർഷമായിരിക്കും.

<u>**അപേക്ഷ സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:**</u>

- ചൈൽഡ് വെൽഫെയർ കമ്മിറ്റിയിൽ ചെയർപേഴ്സൺ/അംഗമായി രണ്ടു തവണ പ്രവർത്തിച്ചവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷ സമർപ്പിക്കാൻ പാടുള്ളതല്ല;
- നിലവിലുള്ള ചൈൽഡ് വെൽഫെയർ കമ്മിറ്റിയിൽ അംഗമായി പ്രവർത്തിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അംഗമാകുന്നതിനുള്ള അപേക്ഷ സമർപ്പിക്കാൻ പാടുള്ളതല്ല. (ചെയർപേഴ്സൺ പദവിയിലേക്ക് അപേക്ഷിക്കുന്ന അംഗങ്ങൾക്ക് ഈ നിബന്ധന ബാധകമല്ല)
- അപേക്ഷകർ ഇതോടൊപ്പം ചേർത്തിട്ടുള്ള നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്;
- അപേക്ഷയോടൊപ്പം, വയസ്സ്, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ സമർപ്പിക്കേണ്ടതാണ്.
- ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർപേഴ്സൺ, മെമ്പർ എന്നിവയിലേക്ക് ഒരേസമയം അപേക്ഷ സമർപ്പിക്കുന്നവർ തസ്തികകൾ വ്യക്തമാക്കി പ്രത്യേകം അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്;
- വിജ്ഞാപനത്തോടൊപ്പം നൽകിയിട്ടുള്ള നിശ്ചിത ഫോറത്തിലല്ലാത്തതോ, അപൂർണമായതോ, രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടില്ലാത്തതോ, ആയ അപേക്ഷകൾ പരിഗണിക്കുന്നതല്ല;
- ഒരാൾ ഒരേ പദവിയിലേക്ക് വേണ്ടി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷിക്കാൻ പാടുള്ളതല്ല;
- അപേക്ഷയുടെ കവറിന് പുറത്ത് ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർപേഴ്സൺ അല്ലെങ്കിൽ അംഗമായി തെരഞ്ഞെടുക്കുന്നതിനുള്ള അപേക്ഷ എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം;
- അപേക്ഷയിൽ തിരുത്തലുകൾ ഉണ്ടാകാൻ പാടില്ല. തിരുത്തലുകൾ വരുന്ന പക്ഷം തിരുത്തൽ വരുത്തിയ ഭാഗത്ത് അപേക്ഷകന്റെ/അപേക്ഷയുടെ ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്.
- അപേക്ഷകൾ ഈ കാര്യാലയത്തിൽ നേരിട്ടോ, രജിസ്റ്റേഡ്, സ്പീഡ് പോസ്റ്റ് ആയോ 2025 ആഗസ്റ്റ് 18 ന് വൈകുന്നേരം 5 മണിക്ക് മുൻപായി ലഭിച്ചിരിക്കേണ്ടതാണ്. താമസിച്ച് ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല;

അപേക്ഷകൾ, മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി, വനിത ശിശു വികസന വകുപ്പ് ഡയറക്ടറേറ്റ്, സെൻട്രൽ ജയിലിന് എതിർവശം, പൂജപ്പുര, തിരുവനന്തപുരം, പിൻ 695012 എന്ന വിലാസത്തിൽ അയയ്ക്കുകയോ, ടി കാര്യാലയത്തിൽ നേരിട്ട് ലഭ്യമാക്കുകയോ ചെയ്യാവുന്നതാണ്. അപേക്ഷയുടെ സൂക്ഷ്മ പരിശോധനയുടെയും തുടർന്നുള്ള അഭിമുഖത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും നിയമനം നടത്തുന്നത്.

അപേക്ഷാ ഫാറത്തിന്റെ മാതൃക ഇതോടൊപ്പം ഉൾകൊള്ളിക്കുന്നു.

Signed by
Haritha V Kumar
Date: 01-08-2025 14:30:12

HARITHA V KUMAR IAS
മെമ്പർ സെക്രട്ടറി എസ്.സി.പി.എസ്. &
വനിത ശിശു വികസന ഡയറക്ടർ

| സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി, വനിത ശിശു വികസന വകുപ്പ്, കേരളം<br>ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർപേഴ്സൺ/ മെമ്പർ പദവിയിലേക്ക് അപേക്ഷിക്കുന്നതിനുള്ള ഫോറം | | |
|---|---|---|
| 1 | പേര് | |
| 2 | സ്ഥിര മേൽവിലാസം | |
| 3 | നിലവിലുള്ള മേൽവിലാസം | |
| 4 | ഫോൺ നമ്പർ/ മൊബൈൽ നമ്പർ & ഇമെയിൽ | |
| 5 | ജനന തീയതി & വയസ്സ് | |
| 6 | ലിംഗം | |
| 7 | വിദ്യാഭ്യാസ യോഗ്യത | |
| 8 | നിലവിലുള്ള തൊഴിൽ | |

| | | | |
|---|---|---|---|
| | | | |
| 9 | പ്രവൃത്തി പരിചയം<br>(ബാലനീതി നിയമവുമായി ബന്ധപ്പെട്ട പ്രവൃത്തി പരിചയം ഉണ്ടെങ്കിൽ വിശദ വിവരം നൽകുക) | | |
| 10 | അപേക്ഷിക്കുന്ന ജില്ല | | |
| 11 | അപേക്ഷിക്കുന്ന പദവി | | |
| 12 | മുൻപ് ചൈൽഡ് വെൽഫെയർ കമ്മിറ്റിയിൽ അംഗമായിട്ടുണ്ടോ ശരിയായ കോളത്തിൽ മാർക്ക് ചെയ്യുക | (ഉണ്ട്) | (ഇല്ല) |
| a) | ഉണ്ടെങ്കിൽ പദവി വഹിച്ചിരുന്ന കാലയലവ് | | |
| b) | ചൈൽഡ് വെൽഫെയർ കമ്മിറ്റി അംഗമായി നിയമിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് നമ്പറും തീയതിയും (ഉത്തരവിന്റെ പകർപ്പ് അപേക്ഷയോടൊപ്പം സമർപ്പിക്കണം) | | |
| 13 | അപേക്ഷയോടൊപ്പം ഉൾപ്പെടുത്തിയിട്ടുള്ള രേഖകൾ | | |
| 14 | മറ്റ് വിവരങ്ങൾ | | |

**<u>സത്യവാങ്മൂലം</u>**

**<u>ബാലനീതി മാതൃകാ ചട്ടം 20(4)</u>**

.................................................................ജില്ലയിലെ...................................................താലൂക്കിലെ

.........................................................................................................................................................

..............................................................................................വിലാസത്തിൽ...................................

............................ മകൻ/മകൾ.............വയസുള്ള...........................................................................

........................എന്ന ഞാൻ,

1. മനുഷ്യാവകാശങ്ങളോ, കുട്ടികളുടെ അവകാശങ്ങളോ ലംഘിച്ചിട്ടില്ല.
2. അസന്മാർഗികമായ കുറ്റകൃത്യങ്ങളിൽ ലഭിച്ച ശിക്ഷ അസ്ഥിരപ്പെടുത്തുകയോ, പൂർണമായും മാപ്പ് നൽകപ്പെടുകയോ ചെയ്യാതെ ശിക്ഷിക്കപ്പെട്ട വ്യക്തിയല്ല;
3. കേന്ദ്ര സംസ്ഥാന സർക്കാർ സേവനത്തിൽ നിന്നോ, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ നിന്നോ ഒഴിവാക്കുകയോ, പിരിച്ചുവിടുകയോ ചെയ്യപ്പെട്ട വ്യക്തിയല്ല;
4. കുട്ടികൾക്കെതിരെ അതിക്രമങ്ങൾ നടത്തുകയോ, കുട്ടികളെ കൊണ്ട് ബാലവേല ചെയ്യിക്കുകയോ, മനുഷ്യാവകാശ ലംഘനങ്ങൾ, സദാചാര വിരുദ്ധ പ്രവർത്തനങ്ങൾ എന്നിവയിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ല;
5. ബാലനീതി നിയമം ബാധകമായ ശിശു സംരക്ഷണ സ്ഥാപനങ്ങളുടെ നടത്തിപ്പിൽ ഭാഗമായിട്ടുള്ള വ്യക്തിയല്ല;

മുകളിൽ പ്രസ്താവിച്ച വിവരങ്ങൾ എല്ലാം സത്യമാണെന്നും അവ പൂർണ്ണമാണെന്നും ആയത് തെറ്റാണെന്ന് സർക്കാർ കണ്ടെത്തുന്ന പക്ഷം ശിക്ഷാനടപടിക്ക് ഞാൻ ബാധ്യസ്ഥനായിരിക്കുമെന്നും ബോധിപ്പിച്ചു കൊള്ളുന്നു.

തീയതി :

സ്ഥലം : പേര് (ഒപ്പ്)